**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2712** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഇടത്തരം തുറമുഖങ്ങളുടെ വികസനത്തിനായി മാരിടൈം ബോർഡിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടെ ചരക്കുകപ്പലുകൾ കൂടുതലായി എത്തുന്ന സാഹചര്യം കണക്കിലെടുത്ത് കടൽവഴി ചരക്കുനീക്കം സാധ്യമാക്കുന്നതിനായി മാരിടൈം ബോർഡിന് കീഴിലെ മറ്റ് നോൺ മേജർ തുറമുഖങ്ങളിലേയ്ക്ക് ചരക്ക് ഗതാഗതം വ്യാപിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള മാരിടൈം ബോർഡിന്റെ കിഴിലുള്ള നാല് ഓപ്പറേഷണൽ നോൺ മേജർ തുറമുഖങ്ങളിലും ചരക്ക് യാത്രാ ഗതാഗതത്തിന് ആവശ്യമായ കപ്പൽ ചാനലിലെ ആഴം, തുറമുഖ വാർഫ്, ക്രയിനുകൾ, മറ്റു യന്ത്രസാമഗ്രികൾ, വെയർഹൗസുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ചരക്ക് ഗതാഗതം ഉറപ്പാക്കുന്നതിന് ഈ മേഖലയിലെ വാണിജ്യ സംഘടനകൾ, വെസ്സൽ ഓപ്പറേറ്റേഴ്സ് മറ്റ് ബന്ധപ്പെട്ടവർ എന്നിവർ തമ്മിൽ ചർച്ച നടത്തുന്നതിന് കേരള മാരിടൈം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത് മാരിടൈം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന് കൂടുതൽ വരുമാനം നേടുന്നതിനും സഹായിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | മാരിടൈം മേഖല സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ വികസിപ്പിക്കുവാൻ ഉതകുന്ന മേഖലയാണ്. സ്വകാര്യ നിക്ഷേപം ആകർഷിച്ച് കേരള മാരിടൈം ബോർഡിന്റെ കിഴിലുള്ള നാല് ഓപ്പറേഷണൽ നോൺ മേജർ തുറമുഖങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനും ഉള്ള പദ്ധതി തയ്യാറാക്കി വരുന്നു. പൊന്നാനിയിൽ ഒരു തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പുതുതായി വികസിപ്പിക്കുവാനും സാധ്യത തേടുന്നു. തുറമുഖത്തിന്റെ ഭാഗമായ തുറമുഖ ഭൂമി, വെയർ ഹൗസുകൾ, മറ്റ് കെട്ടിടങ്ങൾ, യന്ത്ര സാമഗ്രികൾ തുടങ്ങിയ നിഷ്ക്രിയ ആസ്തികൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനും നടപടി സ്വീകരിക്കുന്നു. കോഴിക്കോട് തുറമുഖ ഭൂമി, പോർട്ട് ബംഗ്ലാവ്, ലൈറ്റ് ഹൗസുകൾ, മറ്റു കെട്ടിടങ്ങൾ, കൊല്ലത്ത് ആശ്രാമത്തുള്ള കെട്ടിടവും ഭൂമിയും, നീണ്ടകരയിലെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ആദ്യഘട്ടത്തിൽ ഇപ്രകാരം വികസിപ്പിക്കുന്ന പദ്ധതികളിൽപ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഇടത്തരം തുറമുഖങ്ങളുടെ വികസനം സാധ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ടോ; മാരിടൈം ബോർഡ് ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) | മാരിടൈം മേഖല സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ വികസിപ്പിക്കുവാൻ ഉതകുന്ന മേഖലയാണ്. സ്വകാര്യ നിക്ഷേപം ആകർഷിച്ച് കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള നാല് ഓപ്പറേഷണൽ നോൺ മേജർ തുറമുഖങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനും ഉള്ള പദ്ധതി തയ്യാറാക്കി വരുന്നു. പൊന്നാനിയിൽ ഒരു തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പുതുതായി വികസിപ്പിക്കുവാനും സാധ്യത തേടുന്നു. തുറമുഖത്തിന്റെ ഭാഗമായ തുറമുഖ ഭൂമി, വെയർ ഹൗസുകൾ, മറ്റ് കെട്ടിടങ്ങൾ, യന്ത്ര സാമഗ്രികൾ തുടങ്ങിയ നിഷ്ക്രിയ ആസ്തികൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനും നടപടി സ്വീകരിക്കുന്നു. കോഴിക്കോട് തുറമുഖ ഭൂമി, പോർട്ട് ബംഗ്ലാവ്, ലൈറ്റ് ഹൗസുകൾ, മറ്റു കെട്ടിടങ്ങൾ, കൊല്ലത്ത് ആശ്രാമത്തുള്ള കെട്ടിടവും ഭൂമിയും, നീണ്ടകരയിലെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ആദ്യഘട്ടത്തിൽ ഇപ്രകാരം വികസിപ്പിക്കുന്ന പദ്ധതികളിൽപ്പെടുന്നു. |

സെക്ഷൻ ഓഫീസർ